പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3124

11/12/2014 ൽ മറുപടിയ്ക്ക്

## റീസർവ്വേ നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പാലോട് രവി | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ റീസർവ്വേ നടപടികൾ ആരംഭിച്ചത് എന്നാണ്; | (എ) കേരളത്തിൽ റീസർവ്വേ നടപടികൾ 06/10/1965 ലെ ജി.ഒ.(കൈ) 781/65/റവന്യൂ പ്രകാരം ആരംഭിച്ചു. |
| (ബി) ഇതു വരെ എത്ര വില്ലേജുകളിൽ റീസർവ്വേ പൂർത്തിയായിട്ടുണ്ട്; ഭാഗികമായി പൂർത്തിയായ വില്ലേജുകൾ എത്ര; ഏതെല്ലാം; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; | (ബി) റീസർവ്വേ പൂർത്തിയായ വില്ലേജുകൾ- 821<br>ഭാഗികമായി പൂർത്തിയായ വില്ലേജുകൾ- 164<br>ജില്ലതിരിച്ചുള്ള കണക്കുകൾ അനുബന്ധം I, II ആയി ചേർത്തിരിക്കുന്നു. |
| (സി) ഇതുവരെയുള്ള റീസർവ്വേ നടപടികൾക്ക് എത്ര രൂപ ചെലവായി; | (സി) റീസർവ്വേ നടപടികൾക്ക് 21,41,35,008/- രൂപ ചെലവായിട്ടുണ്ട്. |
| (ഡി) എല്ലാ വില്ലേജുകളിലും റീസർവ്വേ നടപടി ക്രമങ്ങൾ കാര്യക്ഷമമായി പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ഡി) നിലവിൽ സംസ്ഥാനത്ത് റീസർവ്വേ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തി-യിരിക്കുകയാണ്. |
| (ഇ) നെടുമങ്ങാട് താലൂക്കിലെ നെടുമങ്ങാട്, കരിപ്പൂർ, കരകുളം, വട്ടപ്പാറ, വെമ്പായം, തേക്കട, മാണിക്കൽ, കോലിയക്കോട് എന്നീ വില്ലേജുകളിലും തിരുവനന്തപുരം താലൂക്കിലെ പള്ളിപ്പുറം, അണ്ടൂർക്കോണം, മേൽതോന്നക്കൽ, കീഴ്തോന്നയ്ക്കൽ, അയിരൂപ്പാറ എന്നീ വില്ലേജുകളിലും റീസർവ്വേ നടപടികളെക്കുറിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; പരാതികളെത്ര; വില്ലേജ് തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; | (ഇ) ലഭിച്ചിട്ടുള്ള പരാതികളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം III ആയി ചേർക്കുന്നു. |

(എഫ്) പരാതികൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(എഫ്) റീസർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിലെ പരാതികൾ ബന്ധപ്പെട്ട അഡീഷണൽ തഹസീൽദാർമാരാണ് പരിഹരിച്ചു വന്നിരുന്നത്. റീ-സർവ്വേ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന്, സർവെ സബ് ഡിവിഷൻ സ്കെച്ച് അംഗീകരിക്കുവാൻ താലൂക്കുകളിലെ റീസർവ്വേ സൂപ്രണ്ടുമാർക്കു കൂടി താൽക്കാലികമായി അധികാരം നൽകിയിട്ടുണ്ട്. എൽ.ആർ.എം. ൽ ശേഷിക്കുന്ന മുഴുവൻ റീ-സർവ്വേ പരാതികളും മൂന്നു മാസം കൊണ്ട് പരിഹരിക്കുന്നതിനായുള്ള ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി ജില്ലകളിൽ നടത്തുന്ന റവന്യൂ- സർവ്വേ അദാലത്തിൽ ഉൾപ്പെടുത്തി തീർപ്പാക്കാൻ തീരുമാനമായി.

(ജി) പരാതികൾ പരിഹരിക്കാൻ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ റീസർവ്വേ അദാലത്ത് സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

(ജി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ റവന്യൂ - സർവ്വേ അദാലത്ത് നടത്താനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**